## പാപത്താൽ അലയുന്നോ

പാപത്താൽ അലയുന്നോ
രോഗത്താൽ വലയുന്നോ
ഓടിവാ സ്നേഹിതാ
യേശു നിന്നെ വിളിക്കുന്നു

പാപങ്ങൾ ഏറ്റുപറഞ്ഞീടുമ്പോൾ
ക്ഷമ ലഭിച്ചു കഴിഞ്ഞീടുമ്പോൾ
എത്ര സന്തോഷം എത്ര സ്വാതന്ത്ര്യം
എത്ര സമാധാനം ഉള്ളത്തിൽ

സ്നേഹിതർ വെറുത്തുവോ
ഉറ്റവർ കൈവിട്ടുവോ
എന്നെന്നും സ്നേഹിപ്പാൻ
യേശു നിന്നെ വിളിക്കുന്നു .. പാപങ്ങ

ആശകൾ നശിച്ചുവോ
സ്വപ്നങ്ങൾ പൊലിഞ്ഞുവോ
അനുഗ്രഹം ചൊരിഞ്ഞിടാൻ
യേശു നിന്നെ വിളിക്കുന്നു . പാപങ്ങ

ആത്മാവിൻ രക്ഷയ്ക്കായ്
കർമ്മങ്ങൾ ചെയ്യേണ്ടാ
സൗജന്യ രക്ഷയ്ക്കായ്
യേശു നിന്നെ വിളിക്കുന്നു .. പാപങ്ങ